# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 28, ചൊവ്വ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

### പച്ചക്കറി വില

*571. ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**
**,,** വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചക്കറി വിപണിയിൽ ഇടനിലക്കാരുടെ ഇടപെടൽ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ ;

(ബി) പച്ചക്കറി വില കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അയൽ സംസ്ഥാനങ്ങളിലെ ഉൽപാദന കേന്ദ്രങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ പച്ചക്കറി വിപണിയിലെ വില വളരെയധികമാണെന്ന് കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) വരുന്ന ഓണനാളുകളിൽ ഇതേ നില തുടരാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഓൺലൈൻ ദേശീയ കാർഷിക വിപണി

*572. ഡോ.എൻ. ജയരാജ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ
**,,** റോഷി അഗസ്റ്റിൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഓൺലൈൻ ദേശീയ കാർഷിക വിപണി രൂപവൽക്കരിക്കാൻ കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് സംസ്ഥാനങ്ങൾ എന്തെല്ലാം നിബന്ധനകളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിലൂടെ സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാവുമെന്ന് വ്യക്തമാക്കുമോ?

കുടുംബശ്രീ പ്രവർത്തന വിപുലീകരണം

*573. ശ്രീ.പി.എ.മാധവൻ

,, സണ്ണി ജോസഫ്

,, ഡൊമിനിക് പ്രസന്റേഷൻ

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കെട്ടിടങ്ങൾക്ക് നിരാക്ഷേപ പത്രം നൽകുന്നത് സംബന്ധിച്ച നിയമവ്യവസ്ഥ

T *574. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, എം.ചന്ദ്രൻ

,, കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുനില മന്ദിരങ്ങൾക്കും പാർപ്പിട സമുച്ചയങ്ങൾക്കും നിരാക്ഷേപ പത്രം നൽകുന്നത് സംബന്ധിച്ച നിയമവ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ ; നിലവിലുള്ള നിയമവ്യവസ്ഥകളും ഇവയുടെ പ്രയോഗത്തിലെ പ്രശ്നങ്ങളും വിശദമാക്കാമോ ;

(ബി) താമസക്കാരുടെ സുരക്ഷയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് പുതുതായി കൊണ്ടുവരാനുദ്ദേശിക്കുന്ന വ്യവസ്ഥകൾ വിശദമാക്കാമോ ;

(സി) ദേശീയ കെട്ടിട നിർമ്മാണചട്ടങ്ങളിലെ (എൻ. ബി.സി ) വകുപ്പുകൾ ബാധകമായിട്ടുള്ള കെട്ടിട നിർമ്മാണങ്ങൾ ഏതെല്ലാം തരത്തിലുള്ളവയാണെന്ന് വിശദമാക്കുമോ ?

കർഷകർക്ക് അഗ്രികാർഡ് നൽകുന്ന പദ്ധതി

*575. ശ്രീ.എൻ. ഷംസുദ്ദീൻ

,, സി.മോയിൻ കുട്ടി

,, എൻ .എ.നെല്ലിക്കുന്ന്

,, വി.എം.ഉമ്മർ മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് അഗ്രികാർഡ് നൽകുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) അഗ്രികാർഡ് ലഭിക്കാൻ അർഹരായ കർഷകരുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ മൊത്തം എത്ര കർഷകർ ഈ വിഭാഗത്തിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) അഗ്രികാർഡുള്ളവർക്ക് അതുപയോഗിച്ച് എന്തൊക്കെ കാർഷിക സഹായങ്ങൾ നേടാമെന്നതിന്റെ വിശദവിവരം നൽകാമോ ?

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി

*576. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, എം.പി.വിൻസെൻറ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ബയോഗ്യാസ് ഉല്പാദനവും വിപണനവും</u>

*577. ശ്രീ.സി.കൃഷ്ണൻ

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.വി.ചെന്താമരാക്ഷൻ

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോഗ്യാസ് ഉല്പാദനത്തിന് സാദ്ധ്യതകൾ ഏറെയുണ്ടായിട്ടും അവ പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ സംസ്ഥാനം ഏറെ പിന്നിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ബയോഗ്യാസ് ഉല്പാദനവും വിപണനവും വ്യാപകമാക്കാൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിനായി ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഉറവിടങ്ങളിൽ തന്നെ മാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയുന്ന സംവിധാനമെന്ന നിലയിൽ, ഇക്കാര്യത്തിന് കൂടുതൽ പ്രാധാന്യം നൽകാൻ തയ്യാറാകുമോ ;

(ഡി) ഈ രംഗത്ത് സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നിർവ്വഹണ ഘട്ടത്തിൽ തന്നെ പരാജയപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>കൃഷിഭവനുകൾ വഴി പച്ചത്തേങ്ങാ സംഭരണം</u>

*578. ശ്രീ.ജി.എസ്.ജയലാൽ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭവനുകൾ വഴി പച്ചത്തേങ്ങാ സംഭരണം ആരംഭിച്ചതെന്നുമുതലാണ്; ആദ്യഘട്ടത്തിൽ തന്നെ ഈ പദ്ധതി പരാജയമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം തേങ്ങയുടെ തറവിലയായി നിശ്ചയിച്ചത് എത്ര രൂപയായാണ്;

(സി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ?

<u>ഡയറി പ്ലാൻ</u>

*579. ശ്രീ.വി.ഡി.സതീശൻ

,, കെ.എസ്.ശബരീനാഥൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും

സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയറി പ്ലാൻ നടപ്പാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഫെസ്റ്റിവൽ അലവൻസ്</u>

*580. ശ്രീ.ബി.സത്യൻ

,, പി.കെ.ഗുരുദാസൻ

,, പുരുഷൻ കടലുണ്ടി

,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഓണത്തിന് ഫെസ്റ്റിവൽ അലവൻസ് നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) 2012-13ൽ ഏകദേശം 35 കോടിയോളം രൂപ വരുന്ന ക്ഷേമപദ്ധതി പ്രഖ്യാപിച്ചിരുന്നോ; അത് നടപ്പിലാക്കുകയുണ്ടായോ ; വിശദമാക്കുമോ ;

(സി) ഓണത്തിനു മുമ്പ് തൊഴിലുറപ്പ് തൊഴിലാളികളുടെ കുടിശ്ശിക വേതനം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>തദ്ദേശസ്ഥാപനങ്ങളുടെ വിഭജനവും സംയോജനവും</u>

*581. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, കോടിയേരി ബാലകൃഷ്ണൻ

ശ്രീമതി.കെ.കെ.ലതിക

ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ മുൻനിർത്തി അശാസ്ത്രീയമായി വിഭജിച്ചും സംയോജിപ്പിച്ചും പുതിയ തദ്ദേശസ്ഥാപനങ്ങൾക്ക് രൂപം നൽകുന്നത് ജനാധിപത്യ വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) വിഭജനത്തിനും സംയോജനത്തിനും എന്തെങ്കിലും ശാസ്ത്രീയമായ മാനദണ്ഡം പാലിക്കപ്പെടുകയുണ്ടായോ;

(സി) എത്ര ആക്ഷേപങ്ങൾ ഇക്കാര്യത്തിലുണ്ടായി; ജനാധിപത്യപരമായ തീരുമനങ്ങളോടു കൂടി പരാതികൾ തീർപ്പാക്കാൻ സാധ്യമായിട്ടുണ്ടോ?

<u>തൊഴിലുറപ്പ് തൊഴിലാളികളുടെ ജോലിസമയവും സുരക്ഷയും</u>

*582. ശ്രീ.എ.എം. ആരിഫ്

,, എസ്.ശർമ്മ

,, എ. പ്രദീപ്കുമാർ

,, കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിലുൾപ്പെട്ട തൊഴിലാളികളുടെ ജോലിസമയം പരിഷ്കരിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ ; ഇപ്പോഴത്തെ ജോലി സമയം എന്താണ് ; എന്ത് മാറ്റമാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് ;

വിശദമാക്കാമോ ;

(ബി) തൊഴിലിടങ്ങളിൽ വച്ച് പരിക്കുപറ്റുന്ന തൊഴിലാളികൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് ഒരുക്കുന്നത് എന്ന് വിശദമാക്കാമോ ?

<u>കേന്ദ്ര പദ്ധതികൾ</u>

*583. ശ്രീ.പുരുഷൻ കടലുണ്ടി

,, എളമരം കരീം

,, ജി.സുധാകരൻ

,, പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പദ്ധതികൾ വഴിയുള്ള സഹായങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനം എത്രത്തോളം വിജയിച്ചിട്ടുണ്ട്; വിശദമാക്കുമോ:

(ബി) പദ്ധതികളുടെ നിർവ്വഹണ രംഗത്തെ വീഴ്ചകൾ പരിശോധിക്കപ്പെട്ടിട്ടുണ്ടോ;

(സി) അനുവദിക്കപ്പെട്ട എത്രയെണ്ണം യഥാസമയം പൂർത്തിയാക്കുകയുണ്ടായിട്ടുണ്ട്; പദ്ധതികളിൽ നിന്നും ഉദ്ദേശിച്ച പ്രയോജനം ലഭിച്ചിട്ടുണ്ടോ; ഇക്കാര്യങ്ങൾ വിലയിരുത്തി വിശദമാക്കാമോ;

(ഡി) ലഭ്യമായ ഫണ്ട് യഥാസമയം ചെലവഴിക്കാതെ ലാപ്സായിപ്പോയിട്ടുള്ളത് സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദമാക്കാമോ?

<u>ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട് .</u>

*584. ശ്രീ.ബാബു എം. പാലിശ്ശേരി

,, സി.കൃഷ്ണൻ

,, എം.ചന്ദ്രൻ

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾക്ക് സംസ്ഥാന തല നോഡൽ ഏജൻസികൾ വഴി ലഭ്യമാകുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇങ്ങനെ ലഭിക്കുന്ന ഫണ്ട് ഈ നിർവ്വഹണ ഏജൻസിയുടെ പക്കൽ ചെലവഴിക്കപ്പെടാതെ കിടക്കുന്നതായ അവസ്ഥ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് എന്തുകൊണ്ട് സംഭവിക്കുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ ഫണ്ടുകൾ ചെലവഴിക്കപ്പെടാതെ പോകുന്നത് ഗ്രാമങ്ങളുടെ വികസനത്തെയും സാമൂഹ്യ മേഖലയിലുള്ള പൊതു നിക്ഷേപത്തെയും എത്രത്തോളം ബാധിക്കുന്നുവെന്ന് വിലയിരുത്തുമോ?

<u>കാർഷിക മേഖലയിൽ സ്വയംപര്യാപ്തത</u>

*585. ശ്രീ.മോൻസ് ജോസഫ്

,, സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടന്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയില്‍ കേരളത്തെ സ്വയംപര്യാപ്തമാക്കാന്‍ സ്വീകരിച്ചു വരുന്ന നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കാര്‍ഷികവൃത്തിയിലേക്ക് കൂടുതല്‍ ആളുകളെ ആകര്‍ഷിക്കുന്നതിന് ഈ മേഖലയില്‍ കൂടുതല്‍ സബ് സിഡിയും പഞ്ചായത്ത് തലത്തില്‍ എല്ലാ വര്‍ഷവും കാര്‍ഷികമേളകള്‍ ജനപങ്കാളിത്തത്തോടെ നടത്തുന്നതിനും നടപടികള്‍ ഉണ്ടാകുമോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ രൂപം നല്‍കുന്ന പ്രോജക്ടുകള്‍

*586. ശ്രീ.കെ.രാധാകൃഷ്ണന്‍

,, പി.കെ.ഗുരുദാസന്‍

,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

ഡോ.കെ.ടി.ജലീല്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ രൂപം നല്‍കുന്ന പ്രോജക്ടുകള്‍ എല്ലാം നടപ്പാക്കപ്പെടുന്നില്ല എന്ന കാര്യം അറിയാമോ;

(ബി) ഇന്‍ഫര്‍മേഷന്‍ കേരള മിഷന്റെ കണക്കുപ്രകാരം, രൂപം നല്‍കപ്പെട്ട പ്രോജക്ടുകളുടെ ആകെ അടങ്കല്‍ തുകയുടെ 57.05% മാത്രമേ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പദ്ധതിപ്പണം ലഭ്യമാക്കുന്നതില്‍ വീഴ്ച സംഭവിച്ചിട്ടുണ്ടോ;

(ഡി) എങ്കില്‍ ഭാവിയില്‍ ഇത്തരത്തില്‍ സംഭവിക്കാതിരിക്കാന്‍ നടപടി സ്വീകരിക്കുമോ?

## മാലിന്യ സംസ്കരണത്തിന് നൂതന സാങ്കേതികവിദ്യ

*587. ശ്രീ.റ്റി.എ.അഹമ്മദ് കബീര്‍

,, എന്‍ .എ.നെല്ലിക്കുന്ന്

,, കെ.എന്‍.എ.ഖാദര്‍

,, വി.എം.ഉമ്മര്‍ മാസ്റ്റര്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മാലിന്യ സംസ്കരണത്തിന് കാര്‍ഷിക സര്‍വ്വകലാശാല വികസിപ്പിച്ച നൂതന സാങ്കേതികവിദ്യയുടെ പ്രത്യേകതകളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രയോഗക്ഷമത സംബന്ധിച്ച് ഏതെല്ലാം ഏജന്‍സികള്‍ പരിശോധനയും വിലയിരുത്തലും നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ചെറിയ യൂണിറ്റിന് മൊത്തം ചെലവെത്രയെന്നും, ആവര്‍ത്തനച്ചെലവെത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ പ്ലാന്റിന്റെ കപ്പാസിറ്റി വര്‍ദ്ധിപ്പിക്കാനാവുമോ; എങ്കില്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇതില്‍ ഭാഗഭാക്കാക്കി മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനും , ഒപ്പം കാര്‍ഷിക രംഗത്തെ ഉണര്‍വ്വിനും ആരംഭം കുറിക്കുമോ?

ഭിന്നശേഷിയുള്ളവർക്ക് സി.ആർ.സി മുഖേനയുള്ള പദ്ധതികൾ

*588. ശ്രീ.കെ.എം.ഷാജി

,, എം.ഉമ്മർ

,, പി.കെ.ബഷീർ

,, പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് (സി.ആർ.സി) സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദ വിവരം നൽകുമോ;

(ബി) ഭിന്നശേഷിയുള്ളവരുടെ പുനരധിവാസക്കാര്യത്തിൽ സി.ആർ.സി യുടെ പങ്കാളിത്തം എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

കർഷകർക്ക് അഗ്രി കാർഡ്

*589. ശ്രീ.സി.ദിവാകരൻ

,, വി.ശശി

,, ഇ.ചന്ദ്രശേഖരൻ

,, പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേര് രജിസ്റ്റർ ചെയ്ത എത്ര കർഷകരുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും അഗ്രി കാർഡ് നൽകാനുള്ള പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് നടപ്പാക്കാൻ കഴിഞ്ഞില്ല എന്ന് വ്യക്തമാക്കാമോ ;

(സി) അഗ്രി കാർഡ് ലഭിക്കുന്നതിലൂടെ കർഷകർക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) അഗ്രി കാർഡ് നല്കുന്ന പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ ?

അനധികൃത അറവുശാലകൾ

*590. ശ്രീ.ജെയിംസ് മാത്യു

,, എ.കെ.ബാലൻ

,, വി.ശിവൻകുട്ടി

ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത അറവുശാലകൾ പൊതുജനാരോഗ്യത്തിന് കടുത്ത ഭീഷണിയായി ഉയർന്നിട്ടുള്ള കാര്യം അറിയാമോ ;

(ബി) അനുമതിയുള്ളവയിൽ തന്നെ പലതും വ്യവസ്ഥകൾ പാലിച്ചല്ല പ്രവർത്തിക്കുന്നതെന്ന കാര്യം അറിയാമോ ;

(സി) രോഗങ്ങളില്ലാത്ത നല്ല മൃഗങ്ങളെ മാത്രമേ മാംസത്തിനു വേണ്ടി ഉപയോഗിക്കുന്നുള്ളു എന്നുറപ്പാക്കുന്നുണ്ടോ ;

(ഡി) ഇതു സംബന്ധമായ നിയമവ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിനും അനധികൃത മാംസവിൽപന തടയാനും മാലിന്യ സംസ്കരണത്തിന് മതിയായ സംവിധാനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ - ഫണ്ട് ലഭ്യത</u>

*591. ശ്രീ.കെ.കെ.ജയചന്ദ്രൻ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.ആർ. രാജേഷ്
,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിലൂടെ ഫണ്ട് നൽകപ്പെട്ട് നടപ്പാക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫണ്ട് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഫണ്ടിന്റെ ലഭ്യതക്കുറവിനെ സംബന്ധിച്ച വിശദാംശങ്ങൾ നല്കാമോ;

(ഡി) ഇത് സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

<u>കന്നുകാലികൾക്ക് ഹെൽത്ത് കാർഡ്</u>

*592. ശ്രീ.കെ.രാജു
,, വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികൾക്ക് ഹെൽത്ത് കാർഡ് നൽകുന്ന പദ്ധതി എന്നു മുതൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത് ; ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കാൻ കഴിയാതിരുന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) കന്നുകാലികൾക്കുള്ള ഹെൽത്ത് കാർഡിൽ എന്തെല്ലാമാണുൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

<u>ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണത്തിന് പദ്ധതി</u>

*593. ശ്രീ.ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം.എ. വാഹീദ്
,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട്?

<u>മൃഗാശുപത്രികളുടെയും വെറ്ററിനറി ഡിസ്പെൻസറികളുടെയും ശാക്തീകരണം</u>

*594. ശ്രീ.ലൂഡി ലൂയിസ്

,, കെ.എസ്.ശബരീനാഥന്‍

,, അന്‍വര്‍ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മൃഗാശുപത്രികളുടെയും വെറ്ററിനറി ഡിസ്പെന്‍സറികളുടെയും ശാക്തീകരണത്തിനു വേണ്ടി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണ തലത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

## <u>പരിപ്രേക്ഷ്യം **2030**</u>

*595. ശ്രീ.കെ.കെ.നാരായണന്‍

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.ബി.സത്യന്‍

,, കെ.വി.അബ്ദുള്‍ ഖാദര്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ വികസന പരിപ്രേക്ഷ്യത്തില്‍ കാര്‍ഷിക മേഖലയ്ക്ക് പ്രതിവര്‍ഷം ലക്ഷ്യമിടുന്ന വളര്‍ച്ച എത്ര ശതമാനമാണ്;

(ബി) ഇത് ദേശീയ ശരാശരിയേക്കാളും കുറവാണോ;

(സി) ഇത് കാര്‍ഷിക മേഖലയോടുള്ള അവഗണനയാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ:

(ഡി) കാതലായ കാര്‍ഷിക പ്രശ്നങ്ങളെ പരിപ്രേക്ഷ്യം 2030 അവഗണിക്കാനിടയായ സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ?

## <u>സ്വപ്ന സാഫല്യം പദ്ധതി</u>

*596. ശ്രീ.തേറമ്പില്‍ രാമകൃഷ്ണന്‍

,, ഹൈബി ഈഡന്‍

,, കെ.എസ്.ശബരീനാഥന്‍

,, വി.ഡി.സതീശന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നോര്‍ക്ക റൂട്ട്സ് സ്വപ്ന സാഫല്യം പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തില്‍ എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്?

## <u>"സ്റ്റേറ്റ് ഇന്‍ഷ്യേറ്റീവ് ഓണ്‍ ഡിസ്എബിലിറ്റി "</u>

*597. ശ്രീ.ഇ.കെ.വിജയന്‍

,, സി.ദിവാകരന്‍

,, കെ.രാജു

,, ചിറ്റയം ഗോപകുമാര്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ "സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസ് എബിലിറ്റി "എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മിഷന്റെ കീഴിൽ ഭിന്നശേഷിയുള്ളവരുടെ വിവര ശേഖരണ സെൻസസ് ആരംഭിച്ചിട്ടുണ്ടോ; ആയത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) അംഗ പരിമിതരെ കണ്ടെത്തി സാക്ഷ്യപത്രം നൽകാനും തിരിച്ചറിയൽ കാർഡ് നൽകാനുമുള്ള വൈദ്യപരിശോധനാ ക്യാമ്പുകൾ നടന്നുവരുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ക്യാമ്പുകൾ നടത്താൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

<u>അനധികൃത കെട്ടിടനിർമ്മാണം</u>

*598. ശ്രീ.പി.ടി.എ. റഹീം

,, എ.കെ.ബാലൻ

,, വി.ശിവൻകുട്ടി

,, എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ നിയമങ്ങളും, താമസിക്കുന്നവരുടെ സുരക്ഷയും അവഗണിച്ച് സംസ്ഥാനത്ത് അനധികൃത കെട്ടിടങ്ങൾ ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൻകിട വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണത്തിലെ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിലും നിയന്ത്രിക്കുന്നതിലും വകുപ്പ് എത്രത്തോളം വിജയിച്ചിട്ടുണ്ട്: വ്യക്തമാക്കുമോ;

(സി) അഴിമതിക്കാരായ ഉദ്യോഗസ്ഥരെ ടൗൺ പ്ലാനിംഗ് വകുപ്പിന്റെ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും മാറ്റി നിർത്താൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

<u>രോഗികൾക്ക് സൗജന്യ ഭക്ഷണം നൽകുന്ന പദ്ധതി.</u>

*599. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വി.റ്റി.ബൽറാം

,, വർക്കല കഹാർ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിലെ രോഗികൾക്ക് സൗജന്യ ഭക്ഷണം നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി</u>

*600. ശ്രീ.റ്റി.വി.രാജേഷ്

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഏറ്റവും ഒടുവിലത്തെ യോഗം ചേർന്നത് എപ്പോഴാണ്;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് യോഗം എപ്പോഴെങ്കിലും ചർച്ച ചെയ്യുകയുണ്ടായോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതിനകം പിന്നിട്ട വർഷങ്ങളിലെല്ലാം പദ്ധതി തുക പകുതിയോളം യഥാർത്ഥത്തിൽ ചെലവഴിക്കപ്പെടുകയുണ്ടായിട്ടില്ലെന്ന വസ്തുത യോഗം ചർച്ച ചെയ്യുകയുണ്ടായോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) തന്നാണ്ടിലെ പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് കാരണമായിട്ടുള്ള ഘടകങ്ങൾ എന്താണെന്ന് വസ്തുനിഷ്ഠമായി പരിശോധിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
19-07-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.